ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 2/5699/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 05.08.2022
ഫോൺ:0471-2580534; supdts.dge@kerala.gov.in

പ്രേഷിതൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2022 സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന : 27.07.2022, 02.08.2022 തീയതികളിലെ ഇതേ നമ്പർ കത്തുകൾ

******************************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മോശം കാലാവസ്ഥയെ തുടർന്ന് മാറ്റിവെയ്ക്കേണ്ടി വന്ന സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് - 2022 ന്റെ അണ്ടർ 17 ആൺ/ പെൺ, അണ്ടർ 14 ആൺ വിഭാഗം സംസ്ഥാനതല മത്സരങ്ങൾ **2022 ആഗസ്റ്റ് 14 മുതൽ 17 വരെ മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയത്തിൽ** വച്ച് നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലയിലെ സ്കൂൾ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലയിൽ വിജയികളായ സ്കൂൾ ടീമുകൾ www.subrotocup.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഫീസ് അടച്ച രസീതും, https://sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി വേണം രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടത്.

**രജിസ്ട്രേഷൻ സ്ഥലവും തീയതിയും ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| അണ്ടർ 17 ആൺ വിഭാഗം | - | **13.08.2022 ന് വൈകിട്ട് 5 മണിക്ക് മലപ്പുറം** എം.എസ്.പി.എച്ച്.എസ്.എസ്നു സമീപമുള്ള പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയം |
| അണ്ടർ 14, ആൺ വിഭാഗം | - | **14.08.2022 ന് വൈകിട്ട് 4 മണിക്ക് മലപ്പുറം** എം.എസ്.പി.എച്ച്.എസ്.എസ്നു സമീപമുള്ള പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയം |
| അണ്ടർ 17 പെൺ വിഭാഗം | - | **15.08.2022 ന് വൈകിട്ട് 4 മണിക്ക് മലപ്പുറം** എം.എസ്.പി.എച്ച്.എസ്.എസ്നു സമീപമുള്ള പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയം |

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

| | | |
|---|---|---|
| ശ്രീ. ജിനേഷ്.കെ. | - | **9846769099** |
| ശ്രീ. അബ്ദുറഹിമാൻ | - | **9846134528** |
| ശ്രീ. എം.എസ്. റാസ്വി | - | **8156964761** |
| ശ്രീ. സെയ്ഫ് ഷാഹിദ് | - | **9446417899** |
| ശ്രീ. ഉസ്മാൻ എം | - | **9847577474** |

താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:

| | | |
|---|---|---|
| ശ്രീ. സലീം കുരുണിയൻ | - | 9744886650 |
| ശ്രീ. ആഷിക് പി | - | 9946700498 |
| ശ്രീ. മുബാരിസ് | - | 9995701211 |
| ശ്രീ. ഷാഹിദ് | - | 7306391614 |

## നിർദ്ദേശങ്ങൾ

1. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ, പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, www.subrotocup.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഫീസ് അടച്ച രസീത് എന്നിവയോടൊപ്പം വേണം രജിസ്ട്രേഷൻ സമയത്ത് ഹാജരാകേണ്ടത്.
2. ജില്ലയിൽ വിജയിച്ച സ്കൂളിലെ 16 (അണ്ടർ 14 ആൺ, അണ്ടർ 17 ആൺ/പെൺ കാറ്റഗറി) മത്സരാർത്ഥികളും 1 കോച്ച് 1 മാനേജർ എന്നിവരാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.
3. പങ്കെടുക്കുന്ന സ്കൂൾ ടീമുകൾ സ്വന്തം ചെലവിൽ എത്തിച്ചേരേണ്ടതാണ്.
4. സ്കൂൾ ടീമുകളോടൊപ്പം നിർബന്ധമായും കോച്ചും, മാനേജരും ഉണ്ടാവേണ്ടതാണ്. പെൺകുട്ടികളുടെ ടീമിനൊപ്പം നിർബന്ധമായും വനിത മാനേജർ ഉണ്ടായിരിക്കണം.
5. ടീം മാനേജർമാർ നിർബന്ധമായി മാനേജേഴ്സ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയ വിവരം രജിസ്ട്രേഷൻ സമയത്ത് അറിയിക്കുന്നതാണ്.
6. മത്സരാർത്ഥികൾ, മാനേജർമാർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
7. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് 1,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.
8. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആവശ്യമായ മാസ്ക്, സാനിട്ടൈസർ എന്നിവ കരുതിയിരിക്കണം.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)